പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2187 17.06.2014 ലെ മറുപടിയ്ക്ക്

കെ.എസ്. എഫ്. ഇ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേസിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബഹനാൻ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| കെ.എസ്.എഫ്.ഇ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കേസ്സിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എതിരെ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ കെ.എസ്.എഫ്.ഇ എം.ഡി. യ്ക്ക് കത്ത് നൽകിയിട്ടുണ്ടോ; അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്താമോ ? | നൽകിയിട്ടുണ്ട്. പ്രസ്തുത കേസ്സിൽ ഉൾപ്പെട്ട ജീവനക്കാരുടെ കമ്പനിയുമായി ബന്ധപ്പെട്ട എല്ലാവിധ ആസ്തികളും മരവിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ട്. പ്രസ്തുത ജീവനക്കാർ കമ്പനിയിൽ ജാമ്യമായി സമർപ്പിച്ച സ്ഥിര നിക്ഷേപങ്ങൾ, എൽ.ഐ.സി. പോളിസികൾ, ഗോൾഡ്, വസ്തുജാമ്യം തുടങ്ങിയവ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ തടഞ്ഞുവെയ്ക്കാൻ ഉത്തരവായിട്ടുണ്ട്. മെയ് 2013 ന് ശേഷം വിരമിച്ചതും പ്രസ്തുത കേസ്സിൽ ഉൾപ്പെട്ടതും ആയ ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ തടഞ്ഞു വെയ്ക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ കേസ്സുമായി ബന്ധപ്പെട്ട് രണ്ട് ജീവനക്കാരെ പോലീസ് കേസ്സിന്റെ വെളിച്ചത്തിൽ 09-07-2013 മുതലും മറ്റൊരു ജീവനക്കാരനെ 19-02-2014 മുതലും കമ്പനി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.